**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 485** **30-01-2024 - ൽ മറുപടിയ്ക്ക്**

**ഇന്ധനത്തിന് സെസ് ഏർപ്പെടുത്തിയ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് 01.04.2023 മുതൽ വിറ്റ് വരുന്ന ഇന്ധനത്തിന് എത്ര രൂപയാണ് അധിക സെസ് ഏർപ്പെടുത്തിയതെന്നും ഈ ഇനത്തിൽ സർക്കാരിന് എത്ര തുകയാണ് 31.12.2023 വരെ ലഭിച്ചതെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ കണക്ക് മാസം തിരിച്ച് വ്യക്തമാക്കാമോ; | (എ) | 2023-24 ലെ ബജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 563ൽ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ 2023-ലെ ധനകാര്യ നിയമപ്രകാരം 01-04-2023 മുതൽ പെട്രോൾ, ഡീസൽ എന്നിവയ്ക്ക് ലിറ്ററിന് രണ്ട് രൂപ നിരക്കിലാണ് സാമൂഹ്യ സുരക്ഷാ സെസ് ചുമത്തിയിട്ടുള്ളത്.<br><br>2023 - 24 സാമ്പത്തിക വർഷം ഡിസംബർ 31 വരെ, ഈ ഇനത്തിൽ 685.79 (provisional) കോടി രൂപയാണ് സംസ്ഥാനത്ത് ലഭിച്ചത്. ആയതിന്റെ പ്രതിമാസം ലഭിച്ചിട്ടുള്ള തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഇന്ധന സെസ് വർദ്ധിപ്പിച്ചത് സാമൂഹ്യ സുരക്ഷാ പെൻഷൻ നൽകാനാണെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | 2023-24 ലെ സംസ്ഥാന ബജറ്റിൽ പ്രഖ്യാപിച്ചതുപ്രകാരം സമൂഹത്തിലെ ദുർബല വിഭാഗങ്ങളിൽപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി സാമൂഹ്യ സുരക്ഷാ സീഡ് ഫണ്ട് മുഖേന അധിക ധനസമാഹാരണം നടത്താൻ ഉദ്ദേശിച്ചുകൊണ്ടാണ് ഇന്ധന സെസ്സ് ഏർപ്പെടുത്തിയത്. |
| (സി) | സംസ്ഥാനത്ത് സർക്കാർ അധിക സെസ്സ് പിരിച്ചിട്ടും സാമൂഹ്യക്ഷേമ പെൻഷൻ നൽകുന്നതിൽ കുടിശ്ശിക വരുത്തിയതിന്റെ കാരണവും ഏതൊക്കെ വിഭാഗത്തിൽപ്പെട്ട പെൻഷനുകൾ നൽകുന്നതിനാണ് ഈ തുക പിരിക്കുന്നതെന്നും വ്യക്തമാക്കാമോ; | (സി) | സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുകയെന്ന സർക്കാരിന്റെ പ്രധാന കർത്തവ്യം നിർവ്വഹിക്കുന്നതിന്റെ ഭാഗമായാണ് സാമൂഹ്യസുരക്ഷാ സീഡ് ഫണ്ട് മുഖേന അധിക ധനസമാഹരണത്തിന് സർക്കാർ ശ്രമിക്കുന്നത്. 2023 ഏപ്രിൽ 1 മുതൽ 2023 നവംബർ 30 വരെയുള്ള കാലയളവിൽ പെട്രോൾ, ഡീസൽ സെസ്സിനത്തിൽ 600.78 കോടിയോളം രൂപയും ഇന്ത്യൻ നിർമ്മിത വിദേശ മദ്യം (IMFL) സെസ്സിനത്തിൽ 139.92 കോടിയോളം രൂപയും മാത്രമാണ് ആകെ ലഭിച്ചത്. സംസ്ഥാനത്ത് നിലവിൽ ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ/ |

| | | | |
|---|---|---|---|
| | | | ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിക്കുന്നതിന് ഏകദേശം 900 കോടിയോളം രൂപ ആവശ്യമാണ്. അതായത് 8 മാസക്കാലമായി സെസ്സിനത്തിൽ ലഭിച്ച ആകെ തുക ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം നടത്തുന്നതിന് പോലും മതിയാകുകയില്ല. സെസ്സ് ഉൾപ്പെടെ വരവ് ഇനത്തിൽ ലഭിക്കുന്ന തുകകൾ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വരവ് വയ്ക്കുകയും, ക്ഷേമപെൻഷനുകൾക്കുള്ള ചെലവുകൾ ഉൾപ്പെട്ട ബഡ്ജറ്റ് ശീർഷകങ്ങളിൽ വകയിരുത്തിയ തുകയിൽ നിന്നും അപ്രോപ്രിയേഷൻ നിയന്ത്രണത്തിന് വിധേയമായി ചെലവഴിക്കുകയുമാണ് ചെയ്യുന്നത്. പ്രസ്തുത തുക വകമാറ്റി ചെലവഴിക്കുന്നില്ല. |
| (ഡി) | ഇന്ധനത്തിന് അധിക സെസ് വിവിധ ക്ഷേമ പെൻഷനുകൾ നൽകുന്നതിനാണെന്ന പേരിൽ സർക്കാർ പിരിച്ചിട്ടും സുരക്ഷാ പെൻഷനുകൾ കുടിശ്ശിക വരാതെ നൽകാൻ പറ്റാത്തതിന്റെ കാരണം പിരിച്ച തുക വക മാറ്റി ചെലവഴിച്ചതുകൊണ്ടാണോയെന്ന് പരിശോധിക്കുമോ; വിശദാംശം ലഭ്യമാക്കു മോ? | (ഡി) | സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പാക്കുകയെന്ന സർക്കാരിന്റെ പ്രധാന കർത്തവ്യം നിർവ്വഹിക്കുന്നതിന്റെ ഭാഗമായാണ് സാമൂഹ്യസുരക്ഷാ സീഡ് ഫണ്ട് മുഖേന അധിക ധനസമാഹരണത്തിന് സർക്കാർ ശ്രമിക്കുന്നത്. 2023 ഏപ്രിൽ 1 മുതൽ 2023 നവംബർ 30 വരെയുള്ള കാലയളവിൽ പെട്രോൾ, ഡീസൽ സെസ്സിനത്തിൽ 600.78 കോടിയോളം രൂപയും ഇന്ത്യൻ നിർമ്മിത വിദേശ മദ്യം (IMFL) സെസ്സിനത്തിൽ 139.92 കോടിയോളം രൂപയും മാത്രമാണ് ആകെ ലഭിച്ചത്. സംസ്ഥാനത്ത് നിലവിൽ ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ/ ക്ഷേമനിധി ബോർഡ് പെൻഷനുകൾ അനുവദിക്കുന്നതിന് ഏകദേശം 900 കോടിയോളം രൂപ ആവശ്യമാണ്. അതായത് 8 മാസക്കാലമായി സെസ്സിനത്തിൽ ലഭിച്ച ആകെ തുക ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം നടത്തുന്നതിന് പോലും മതിയാകുകയില്ല. സെസ്സ് ഉൾപ്പെടെ വരവ് ഇനത്തിൽ ലഭിക്കുന്ന തുകകൾ സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വരവ് വയ്ക്കുകയും, ക്ഷേമപെൻഷനുകൾക്കുള്ള ചെലവുകൾ ഉൾപ്പെട്ട ബഡ്ജറ്റ് ശീർഷകങ്ങളിൽ വകയിരുത്തിയ തുകയിൽ നിന്നും അപ്രോപ്രിയേഷൻ നിയന്ത്രണത്തിന് വിധേയമായി ചെലവഴിക്കുകയുമാണ് ചെയ്യുന്നത്. പ്രസ്തുത തുക വകമാറ്റി ചെലവഴിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം</u>**

ഇന്ധന സെസ്സിലൂടെ പ്രതിമാസം ലഭിച്ചിട്ടുള്ള തുകയുടെ വിവരങ്ങൾ
(2023 ഡിസംബർ 31 വരെ)

| 2023-24 (സാമ്പത്തിക വർഷം) | ഇന്ധന സെസ്സ് (കോടിയിൽ) (Provisional) |
|---|---|
| ഏപ്രിൽ | ഇല്ല |
| മെയ് | 80.80 |
| ജൂൺ | 95.60 |
| ജൂലൈ | 84.16 |
| ആഗസ്റ്റ് | 79.53 |
| സെപ്റ്റംബർ | 91.80 |
| ഒക്ടോബർ | 83.94 |
| നവംബർ | 84.95 |
| ഡിസംബർ | 85.01 |
| **ആകെ** | **685.79** |

**സെക്ഷൻ ഓഫീസർ**